*Week-2*

# Weekly Devotions-February :2016

## Rock of Strength (ബലവാനായ ദൈവം)




സാദ്ധ്യമല്ലാത്ത കാര്യങ്ങൾ സാധിച്ചെടുക്കുന്നതാണ് അത്ഭുതം. അപ്പോൾ അത്ഭുതത്തിന്റെ പിന്നിൽ അസാദ്ധ്യമായ കാര്യങ്ങൾ ഉണ്ടായിരിക്കണം. മാനുഷിക ചിന്തയിലോ, അറിവിലോ സാദ്ധ്യമാകാത്ത കാര്യങ്ങളാണ് അസാദ്ധ്യം എന്ന് നാം പറയുന്നത്. അസാദ്ധ്യത്തെ സാദ്ധ്യമാക്കുന്ന ഒരാൾ മാത്രമേയുള്ളു അത് ബലവാനും, വീരനുമായ യഹോവ ആണ്.

സ്വന്തം ജീവിതാനുഭവമാണ് നമ്മെ കൂടുതൽ പഠിക്കുവാൻ സഹായിക്കുന്നത്. ബലവാനായ ദൈവത്തിന്റെ പ്രവർത്തി എന്റെ ജീവിതത്തിൽ

കാണുവാനും, അനുഭവിപ്പാനും ഇടയായത് പങ്കുവയ്ക്കുന്നു. വാത രോഗം എന്നെ കീഴ്പ്പെടുത്താൻ ആഗ്രഹിച്ചു എങ്കിലും, സർവ്വശക്തൻ ബലം പകർന്നു തന്നതിനാൽ അതിനെ അതിജീവിച്ചു വരുന്ന സമയമായി രുന്നു അത്. പ്രഭാതയാമത്തോട് അടുക്കുന്ന സമയത്ത് എന്റെ ഭർത്താവ് കിടക്കുവാൻ പ്രയാസം തോന്നി വേഗം എഴുന്നേറ്റു. വായുവിന്റെ ബുദ്ധി മുട്ടാണെന്നു കരുതി വേഗം നാടൻ മരുന്നു നൽകി. ഫലമില്ലെന്നു കണ്ട ഞങ്ങൾ ടാക്സി വിളിച്ചു. ഓട്ടം കഴിഞ്ഞ് താമസിച്ചു കിടന്നിട്ടും വെളു പ്പാൻകാലം തന്നെ ഡ്രൈവറെ ഉണർത്തിയതും ദൈവം, ഏത് ആശുപത്രി യിൽ പോകണമെന്ന് നിർദ്ദേശിച്ചതും ദൈവം ആയിരുന്നു. കാരണം അവിടെ ഞങ്ങൾക്കു വേണ്ടതെല്ലാം അവൻ കരുതിയിരുന്നു. Cardiac Section ലെ പ്രഗത്ഭനായ ഡോക്ടർ അവിടെയുണ്ടായിരുന്നു. (മറ്റൊരു രോഗിയെ നോക്കുവാൻ എത്തിയതാണ്) പെട്ടെന്ന് കാര്യങ്ങൾ ക്രമീകൃതമായി. സഹായത്തിന് ആരും കൂടെയില്ല എന്നൊരു ഭയം തോന്നിയില്ല കാരണം ഹൃദയത്തിന്റെ പ്രതിക്ഷേധമാണെന്ന് എനിക്കറിയു കയില്ലായിരുന്നു.എന്നെ കാര്യം പറഞ്ഞ് ധൈര്യപ്പെടുത്തുവാനും Operation ന് ഡോക്ടറെ സഹായിപ്പാനും എന്റെ രണ്ട് പൂർവ്വ വിദ്യാർത്ഥികളേയും ദൈവം ഒരുക്കി. എല്ലാം ഭംഗിയായി ചെയ്തുതന്ന ദൈവം എന്റെ സ്വർഗ്ഗീയ അപ്പച്ചനാണ്.ബലവാനായ ദൈവം ചെയ്ത പ്രവർത്തി ഞാൻ കണ്ടു, അനുഭവിച്ചു.

രെഫീദീമിൽ യഹോവയുടെ കല്പനപ്രകാരം എത്തിയ യിസ്രായേൽ ജനം കുടിയ്ക്കുവാൻ വെള്ളം ഇല്ല(തൃപ്തി ഇല്ലാത്ത ലോകത്തിന്റെ പ്രതീ

കം) എന്ന പേരിൽ പിറുപിറുത്തു, ഇതുവരെയും നടത്തിയ ദൈവത്തെ അവർ മറന്നു.എന്നാൽ നദിയെ അടിച്ച വടിയുമായി  ഹോരേബിലെ പാറയെ അടിക്കുവാൻ യഹോവ കല്പിച്ചു മോശ അനുസരിച്ചു ആ പാറ മേൽ “ അവൻ’ ഉണ്ടായിരുന്നു. ഈ ജനത്തെ നടത്തിയ ആത്മീകപാറ ക്രിസ്തുവത്രെ. (1കൊരി:10:4) ജനം വെള്ളം കുടിച്ച് തൃപ്തരായി. ഈ ബലവാനിൽ വിശ്വസിക്കുക, സ്തോത്രം  ചെയ്യുക നമ്മുടെ ജീവിതത്തിലും അത്ഭുതം ഉണ്ടാകും.

## <u>പ്രാർത്ഥന</u>

ഉറപ്പുള്ള പാറയാം ദൈവമേ ! പ്രതികൂലങ്ങളിൽ കൂടെയിരുന്നതിനായി സ്തോത്രം.എല്ലായിപ്പോഴും അങ്ങ് കൂടെയുണ്ടെന്ന് പഠിപ്പിച്ചതിനായി നന്ദി കരേറ്റുന്നു.

യേശുവിൻ നാമത്തിൽ തന്നെ ആമേൻ

Santhamma Varghese

Website  : www.biblestudy.co.in

Email:  biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind